**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2597** **21-01-2021 - ൽ മറുപടിയ്ക്ക്**

**വിനോദ സഞ്ചാര മേഖലയിൽ കോവിഡ് സൃഷ്ടിച്ച പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുല്ലക്കര രത്നാകരൻ** | | **Shri. Kadakampally Surendran**<br>**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയിലുണ്ടായ പ്രതിസന്ധികൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | (എ) | കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയിലുണ്ടായ പ്രതിസന്ധികൾ സംബന്ധിച്ച് പ്രത്യേകമായുള്ള പഠനം വകുപ്പ് തലത്തിൽ നടത്തിയിട്ടില്ല. എന്നാൽ 2019 വർഷത്തെ സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ 2020 കലണ്ടർ വർഷം ഉള്ള വരുമാന നഷ്ടം ഏകദേശം 30,711 കോടി രൂപയായാണ് വകുപ്പ് താൽകാലികമായി എസ്റ്റിമേറ്റ് ചെയ്തിട്ടുള്ളത് |
| (ബി) | ആയത് മറികടക്കുന്നതിനായി സംസ്ഥാനത്ത് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ വിശദീകരിക്കാമോ? | (ബി) | കോവിഡ് ഉണ്ടാക്കിയ പ്രതിസന്ധി മറികടക്കുന്നതിനായി വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് സർക്കാർ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ആയത് പ്രകാരം കോവിഡ് വ്യാപനം കാരണം ലോക്ക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ വരുമാന പ്രതിസന്ധി നേരിട്ട ഡി.ടി.പി.സി കളിലെ ജീവനക്കാർക്കും ടൂറിസം ഡെസ്റ്റിനേഷനുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കും വേതനം അനുവദിക്കുന്നതിനായി ധനസഹായമായി 5,19,53,000/- രൂപ അനുവദിച്ചിരുന്നു. ഡി.ടി.പി.സി കളുടെ ലൈസൻസികൾക്ക് കോവിഡ് കാലയളവിൽ സ്ഥാപനങ്ങൾ അടഞ്ഞു കിടന്ന കാലത്തെ വാടകയിൽ ഇളവ് നൽകുകയും സ്ഥാപനങ്ങളുടെ ലീസ് കാലാവധി (അടഞ്ഞു കിടന്ന അത്രയും കാലം) ദീർഘിപ്പിച്ചു നൽകുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്. കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വിനോദ സഞ്ചാര മേഖലയിൽ തൊഴിലെടുക്കുന്നവർക്കും സംരംഭകർക്കും സാമ്പത്തിക പിന്തുണ നൽകുന്നതിനു വേണ്ടി ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിവ |

| | | | |
|---|---|---|---|
| | | | നടപ്പാക്കി വരുന്നു.കോവിഡ് പ്രോട്ടോക്കോളും നിലവിലെ മാനദണ്ഡങ്ങളും കർശനമായി പാലിച്ചുകൊണ്ട് ഹോട്ടലുകളിലേയും റിസോർട്ടുകളിലേയും സ്പായും ആയുർവേദ സെന്ററുകളും വീണ്ടും തുറന്നു പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സ്തംഭനാവസ്ഥയിൽ നിന്നും ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ടൂറിസം വകുപ്പ് പോസ്റ്റ് കോവിഡ് ക്യാമ്പയിനുകൾ ആരംഭിച്ചിട്ടുണ്ട്. ഈ ക്യാമ്പയിനുകളിൽ റേഡിയോ, പ്രിന്റ്, ടിവി, ഓൺലൈൻ മാധ്യമങ്ങൾ, സോഷ്യൽ മീഡിയ എന്നിവ ഉൾപ്പെടുന്നു. "ചേഞ്ച് ഓഫ് എയർ" എന്ന തീമിനെ ആസ്പദമാക്കിയാണ് ക്യാമ്പയിനുകൾ തയ്യാറാക്കിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ